DHARMARAM COLLEGE LIBRARY BANGALORE

The Palai Diocesan Bulletin

സാന്ത്വനപ്രകാശം

Dominus Illuminatio Mea

Vol. XVII | 1967 NOVEMBER | No. 5

Pastoral Letter No. 86

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
സംതൃപ്തിയാലും പാലാ രൂപതയുടെ
മെത്രാനായ

നാം

വയലിൽ സെബാസ്റ്റ്യൻ

നമ്മുടെ അധികാരത്തിലുള്ള പള്ളികളിലേ ബ. വൈദികർക്കും
സന്യാസിമാർക്കും കന്യാസ്ത്രീകൾക്കും നമ്മുടെ പ്രിയപ്പെട്ട
വിശ്വാസികൾക്കും എവർക്കും നമ്മുടെ കർത്താവിൽ
സമാധാനവും വാഴ്വും

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

1967 ഒക്ടോബർ 12-ാംതീയതി നിങ്ങൾക്കയച്ച നമ്മുടെ 85-ാംനമ്പർ ഇടയലേഖനത്തിൽ, ക്രൈസ്തവസഭയുടെ പ്രേഷിതസ്വഭാവം, സുവിശേഷം പ്രസംഗിക്കുവാനുള്ള സഭാംഗങ്ങളുടെ കടമ, പ്രേഷിതചൈതന്യം ഉദ്ദീപിപ്പിക്കുവാനുള്ള ഏതാനും പോംവഴികൾ, ഇൻഡ്യയിലെ പ്രേഷിതവേല, ചെറുപുഷ്പമിഷൻ ലീഗ് മുതലായ കാര്യങ്ങളെപ്പറ്റി പ്രതിപാദിച്ചിരുന്നതു് നിങ്ങൾ ഓർക്കുമല്ലോ. പ്രസ്തുത വിഷയങ്ങൾ വീണ്ടും പ്രതിപാദിക്കപ്പെട്ടുമെന്നു് അതിൽ പ്രസ്താവിച്ചിരുന്നതനുസരിച്ചാണു് ഈ ലേഖനം എഴുതുന്നതു്.

"സുവിശേഷം ഇന്നോളം ശ്രവിച്ചിട്ടില്ലാത്ത ജനങ്ങൾക്കിടയിലും അക്രൈസ്തവസംസ്കാരങ്ങളിലും സുവിശേഷസന്ദേശം എത്തിക്കുവാൻ സഭ ചെയ്യുന്ന പ്രയത്നമാണു് പ്രേഷിതപ്രവർത്തനം". ഇതിനകം ലോകമെങ്ങും സുവിശേഷം പ്രസംഗിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു് വാസ്തവം തന്നെ. എങ്കിലും, ക്രിസ്തുനാഥനെ അറിയാത്തവരും അവിടത്തെ ദിവ്യോപദേശങ്ങൾ സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ചിട്ടില്ലാത്തവരും ഇനിയും ലോകത്തിൽ ഒട്ടനവധിയുണ്ടു്. നമ്മുടെ പ്രിയപ്പെട്ട ഭാരതഭൂമിയിലുള്ള ബഹുഭൂരിപക്ഷം ജനങ്ങളും സുവിശേഷവെളിച്ചം കണ്ടിട്ടില്ലാത്തവരാണല്ലോ. ജനതകളുടെ പ്രകാശമായ ക്രിസ്തുവിനെ അവർ അംഗീകരിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതു് കേരളക്രൈസ്തവരുടെ ധർമ്മമത്രേ. ഇക്കാര്യത്തിൽ സേവനസന്നദ്ധമായി പ്രവർത്തിക്കുന്ന ഒരു സംഘടനയാണു് ചെറുപുഷ്പമിഷൻലീഗ്. അക്കാരണത്താൽത്തന്നെ, അതു് ക്രൈസ്തവചൈതന്യമുള്ള ഏവരുടേയും പ്രോത്സാഹനം അർഹിക്കുന്നു.

ചെറുപുഷ്പമിഷൻലീഗ് നമ്മുടെ നാട്ടിൽ മുളച്ചു്, നമ്മുടെ മണ്ണിൽ വേരുന്നി, നമ്മുടെ മക്കൾ നനച്ചു വളമിട്ടു വളർത്തിവരുന്ന ഒരു അമൂല്യവൃക്ഷമാണു്. അതു തഴച്ചുവളർന്നു പന്തലിച്ചുവരുന്നതു കാണുക നമുക്കു് ആനന്ദപ്രദമാണു്. ആ വൃക്ഷത്തിന്റെ ശാഖോപശാഖകൾ സമൃദ്ധമായി പൊന്തിവളരുന്നുണ്ടു്. അതു പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നു. എങ്കിലും, ഇപ്പോഴും തോ

ന്നിപ്പോകുന്നു, "വിളവു വളരെ, വേലക്കാർ ചുരുക്കം" എന്നു്, എത്ര കൂടുതൽ വേലക്കാർ അണിനിരക്കുന്നുവോ അത്രയ്ക്കു ഫലസമൃദ്ധിയുണ്ടാകും. വേലക്കാരാവട്ടെ, ആത്മാർത്ഥതനിറഞ്ഞവരും അദ്ധ്വാനശീലരും പാവനമനസ്കരും ആയിരിക്കണം.

ചെറുപുഷ്പമിഷൻലീഗു് ഇടവകകൾതോറും സ്ഥാപിക്കുന്നതു് ഉചിതമാണു്. ഇടവകകളിൽ ആദ്ധ്യാത്മിക ചൈതന്യം പുലർത്തുവാൻ ലീഗംഗങ്ങൾക്കു കഴിയും. അതിനു് അംഗങ്ങൾ തന്നെ ആദ്ധ്യാത്മികതപുലർത്തുന്നവരായിരിക്കണം. ക്രിസ്തുവിന്റെ സന്ദേശവാഹകരാണു് തങ്ങൾ എന്നു ലീഗംഗങ്ങൾ ബോധവാന്മാരാവണം. തദനുസരണമുള്ള ആദർശശുദ്ധിയും ജീവിതനൈർമ്മല്യവും അവരിൽ പുഷ്ടിപ്രാപിക്കയും വേണം. അവർ നിയമാവലി മനസ്സിരുത്തി പഠിക്കയും അതനുസരിച്ചു പ്രവർത്തിക്കയും ചെയ്യണം. ശിക്ഷണബോധത്തോടെ വേണം പരിപാടികൾ സംവിധാനം ചെയ്യുവാനും നടപ്പിൽ വരുത്തുവാനും. ശാഖകളും കേന്ദ്രവും തമ്മിൽ ഉരസൽ ഉണ്ടാകുവാൻ ഇടവരരുതു്. ഇടവക വികാരിമാരെ ആദരിച്ചും അവർക്കു വിധേയരായും വർത്തിക്കണം. കേന്ദ്രത്തിൽനിന്നും അയക്കുന്ന നിർദ്ദേശങ്ങൾ ആദരപൂർവ്വം സ്വീകരിച്ചു നടപ്പിലാക്കണം.

മിഷൻസഹായാർത്ഥം ഫണ്ടുശേഖരിക്കുക ലീഗിന്റെ പ്രവർത്തനപദ്ധതിയിൽ പെട്ടതാണു്. എന്നാൽ ഫണ്ടുശേഖരിക്കുന്നതും സൂക്ഷിക്കുന്നതും വിനിയോഗിക്കുന്നതുമെല്ലാം നിയമാനുസൃതമായിരിക്കണം. മിഷൻഫണ്ടു് ഒരുവിധത്തിലും ദുർവിനിയോഗം ചെയ്യുവാനോ നഷ്ടപ്പെടുത്തുവാനോ ഇടയാക്കരുതു്. കണക്കുകൾ ശരിക്കു് എഴുതി സൂക്ഷിക്കുകയും അവയും മറ്റു റിക്കാർഡുകളും യഥാവിധി പരിശോധനയ്ക്കു വിധേയമാക്കുകയും വേണ്ടതാണു്,

ദൈവവിളി പ്രോത്സാഹിപ്പിക്കുക എന്നുള്ളതു് ലീഗിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണു്. ബാലികാബാലന്മാർക്കു ലഭിക്കുന്ന ആശയാദർശങ്ങളും സന്മാതൃകകളും ഈ വിഷയത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നു. ഗുരുജനങ്ങളുടെ ഉപദേശങ്ങളും ജീവിതമാതൃകയും കൂട്ടികളിൽ സ്വാധീനംചെലുത്തുമല്ലോ. ദൈവവിളിക്കു പ്രേരകമാകുന്നവിധം ഈ സ്വാധീനശക്തി ചെലുത്തുവാൻ സൺഡേസ്കൂൾ അദ്ധ്യാപകന്മാരുംകൂടിയായ ലീഗംഗങ്ങൾ

പ്രത്യേകം മനസ്സിരുത്തേണ്ടതാണ്. മാതൃകാജീവിതത്തിനു ചെലുത്താവുന്ന സ്വാധീനം മറ്റു പലതിനേയുംകാൾ പതിന്മടങ്ങു വിലയേറിയതാണെന്നുള്ള കാര്യം നാം വിസ്മരിക്കരുതു്. പ്രാർത്ഥനാനിരതരും കൗദാശികജീവിതത്തിൽ നിഷ്ഠയുള്ളവരും ആയിരിക്കണം ലീഗംഗങ്ങൾ. അവർ ത്യാഗശീലരും വിനീതരും സൗഹൃദമുള്ളവരും ആയിരിക്കേണ്ടതാവശ്യമാകുന്നു, അവരുടെ വാക്കുകളും പ്രവൃത്തികളും ക്രിസ്തുവിന്റെ വ്യക്തിമുദ്ര മനുഷ്യഹൃദയങ്ങളിൽ പതിക്കുവാൻ പര്യാപ്തമായിരിക്കണം. മേൽവിവരിച്ചിരിക്കുന്ന കാര്യങ്ങൾ മിഷൻലീഗംഗങ്ങൾക്കെന്നപോലെ വിൻസെന്റ് ഡി പോൾ, ലീജിയൻ ഓഫ് മേരി, ഫ്രാൻസീസ്കൻ മൂന്നാംസഭ മുതലായ സംഘടനകളുടെ അംഗങ്ങൾക്കും തികച്ചും അനുയോജ്യമായിരിക്കുമെന്നതിനു സംശയമില്ല. പ്രസ്തുത സംഘടനകളുടെ നിയമാവലി, പ്രവർത്തനരീതി എന്നിവയിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധ ഗാഢമായി പതിഞ്ഞുകാണുവാൻ നാം ആഗ്രഹിക്കുന്നു.

മിഷൻലീഗിനു് ഒരു സ്ഥിരമായ ഓഫീസും സ്റ്റാഫും പ്രവർത്തനനിരതമായുണ്ടു്. ഡയറക്ടർ, വൈസ് ഡയറക്ടർ എന്നീ സ്ഥാനങ്ങൾ വഹിച്ചുകൊണ്ടു മുഴുവൻസമയവും ലീഗിനു് അർപ്പിച്ചിട്ടുള്ള രണ്ടു യുവവൈദികർ നമുക്കുണ്ടു്. ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനുള്ള വൊക്കേഷൻ ബ്യൂറോയും അവരുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. സന്യാസസഭകളിലും കന്യകാമഠങ്ങളിലും അന്യരൂപതകളിലും വിദേശമിഷനുകളിലും പ്രവേശിക്കണമെന്നു് ആഗ്രഹിക്കുന്ന യുവതീയുവാക്കന്മാർ ബ. വികാരിയുടെ കത്തോടുകൂടി വൊക്കേഷൻ ബ്യൂറോയിൽ വരുകയും ഉപദേശം സ്വീകരിക്കുകയും ചെയ്യേണ്ടതാണു്. തദനന്തരം ലഭിക്കുന്ന സാക്ഷിപത്രത്തോടുകൂടി നമ്മെ സമീപിക്കുകയും നമ്മുടെ അനുമതി വാങ്ങിയശേഷം മാത്രം പ്രസ്തുത രംഗങ്ങളിലേക്കു പ്രവേശനത്തിനായിപ്പോകേണ്ടതുമാണു്. ഇങ്ങനെ വ്യവസ്ഥപ്പെടുത്തുന്നതു് യഥാർത്ഥദൈവവിളി പ്രോത്സാഹിപ്പിക്കുവാനും സംശയഗ്രസ്തരായ അപേക്ഷകരെ സഹായിക്കുവാനുംവേണ്ടിയാണു്. മാത്രമല്ല, അനർഹരെ നിരുത്സാഹപ്പെടുത്തേണ്ടതും ഓരോരുത്തർക്കും യോജിച്ച രംഗങ്ങൾ നിർദ്ദേശിച്ചുകൊടുക്കേണ്ടതും ആവശ്യവുമാണല്ലോ. അതിനാൽ ഈ നടപടി ക്രമം പാലിക്കുന്നതിനു യഥാവസരം നിർദ്ദേശം നല്കണമെന്നു ബ. വൈദികരോടും രക്ഷാകർത്താക്കളോടും നാം ആവശ്യപ്പെടുന്നു; അപേക്ഷകർ ഈ നിർദ്ദേശം പാലിക്കയുംവേണം.

ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനു് ആണ്ടുതോറും രൂപതയുടെ പ്രധാന കേന്ദ്രങ്ങളിൽവച്ചു ദൈവവിളിധ്യാനങ്ങൾ നടത്തിവരുന്നുണ്ടെന്നുള്ള വിവരം നിങ്ങൾക്കറിവുള്ളതാണല്ലോ. ഇതിനുംപുറമേ, മിഷൻ പ്രദർശനങ്ങൾ, ഫിലിംഷോകൾ, മിഷൻ റാലികൾ, പൊതുയോഗങ്ങൾ എന്നിവയും സംഘടിപ്പിക്കാറുണ്ടു്. ഇവയിലെല്ലാം നമ്മുടെ ആളുകൾ, ബാലികാബാലന്മാർ വിശേഷിച്ചും, പ്രദർശിപ്പിച്ചുകാണുന്ന ഔത്സുക്യം അത്യന്തം പ്രശംസാർഹമാണു്. ഈ ഉത്സാഹവും ഉന്മേഷവും വർദ്ധമാനമായി വരട്ടെ എന്നു നാം ആശംസിക്കുന്നു. ലീഗിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന കുഞ്ഞുമിഷനറി എന്ന ദൈമാസിക നമ്മുടെ എല്ലാ ഗൃഹങ്ങളിലും സ്വാഗതംചെയ്യപ്പെടുമെന്നു നാം പ്രതീക്ഷിക്കുന്നു. ഇത്തരുണത്തിൽ, നമ്മുടെ രക്ഷാധികാരത്തിൽ അടുത്ത വർഷാരംഭംമുതൽ ഒരു വാരിക പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു എന്നുള്ള സന്തോഷവാർത്ത നിങ്ങളെ അറിയിക്കുവാൻ നാം ആഗ്രഹിക്കുന്നു. അതിന്റെ വിജയത്തിനു നിങ്ങളേവരുടേയും ഹൃദയപൂർവ്വമായ സഹായസഹകരണങ്ങൾ നല്ലണമെന്നുള്ള ആഗ്രഹവും അറിയിച്ചുകൊള്ളട്ടെ.

പ്രേഷിതവൃത്തിയിൽ പങ്കുകൊള്ളുകയെന്നതു് സകല കത്തോലിക്കരുടേയും കടമയാണല്ലോ. കഴിവും സാഹചര്യവും അനുസരിച്ചു് ഏവരും ആ മുമതല നിർവ്വഹിച്ചേ മതിയാവൂ. പ്രാർത്ഥനാപരമായ പ്രേഷിതവൃത്തി എല്ലാവർക്കും നിർവ്വഹിക്കാവുന്നതാണു്. വിളവിന്റെ നാഥനോടു നിരന്തരം പ്രാർത്ഥിക്കുകതന്നെ വേണം. പ്രാർത്ഥനയും ധനസഹായവും അർപ്പിക്കാവുന്നവർ അതിനും കടപ്പെട്ടിരിക്കുന്നു. ക്രിസ്തുനാഥന്റെ ദിവ്യസന്ദേശവും വഹിച്ചുകൊണ്ടു പ്രേഷിതരംഗങ്ങളിലേക്കു പോയി അവിടെ സ്വവിശേഷവേലയിൽ സർവ്വാത്മനാ വ്യാപൃതരാകുവാൻ കഴിയുമെങ്കിൽ അതു മഹാഭാഗ്യവും അത്യന്തം പ്രശംസാർഹവുമാണു്.

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

രണ്ടാം വത്തിക്കാൻ സൂനഹദോസു് പ്രേഷിതപ്രവർത്തനത്തെപ്പറ്റി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഡിക്രിയിലെ ഏറ്റവും ശ്രദ്ധേയമായ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ: "സഭയുടെ പ്രേഷിതദൗത്യം നിർവ്വഹിക്കുന്നതു്. സുവിശേഷവേല ദൈവജനത്തിന്റെ മൗലികമായ കടമയുമാണു്. ഇക്കാര

ണത്താൽ ഓരോരുത്തനും സുവിശേഷപ്രചാരണത്തിനുള്ള ഉത്തര വാദിത്വം മനസ്സിലാക്കി, ജനതകളുടെ ഇടയിലുള്ള പ്രേഷിതവേലയിൽ താന്താങ്ങളുടെ ഭാഗം ഏറ്റെടുക്കുന്നതിനുവേണ്ടി ഈ സുനഹദോസ് എല്ലാവരേയും ഉദാത്തമായ ആന്തരികനവീകരണത്തിനു് ആഹ്വാനംചെയ്യുകയാണു്" (Art. 35).

"ജീവിക്കുന്നവനായ ക്രിസ്തുവിന്റെ അവയവങ്ങൾ എന്ന നിലയിൽ ജ്ഞാനസ്നാനത്താലും സ്ഥൈര്യലേപനത്താലും ദിവ്യകാരുണ്യത്താലും തന്നോടു് ഏകീഭവിക്കുകയും തന്റെ ഛായപതിയുകയും ചെയ്തിട്ടുള്ള എല്ലാ വിശ്വാസികളും അവിടുത്തെ ശരീരത്തിന്റെ വളർച്ചയ്ക്കും വികാസത്തിനുമായി കഴിയുംവേഗം അതിന്റെ പൂർണ്ണതയിൽ എത്തിക്കുവാൻ പരിശ്രമിക്കുന്നതിനു ബാദ്ധ്യസ്ഥരാണു്.

"ലോകത്തോടു തങ്ങൾക്കുള്ള കടമയെപ്പറ്റി സജീവമായ ബോധം എല്ലാ സഭാസന്താനങ്ങളിലും ഉണ്ടാകണം. യഥാർത്ഥത്തിൽ സാവ്ത്രികമായ ചൈതന്യം തങ്ങളിൽ അവർ വളത്തുകയും സുവിശേഷപ്രബോധനത്തിനായി തങ്ങളുടെ ശക്തികളെ അവർ സമാഹരിച്ചു് ചിലവഴിക്കുകയും ചെയ്യണം. എന്നാൽ വിശ്വാസപ്രചാരണത്തിൽ പ്രഥമവും അതിപ്രധാനവുമായ തങ്ങടെ കടമ - ഉത്തമമായ ക്രൈസ്തവജീവിതം നയിക്കുകയാണെന്നു് എല്ലാവരും മനസ്സിലാക്കട്ടെ" (Art. 36).

കൗൺസിൽ ഡിക്രീ തുടരുന്നു:– "ശ്ലൈഹികസംഘത്തിന്റെ പിൻതുടർച്ചയായ മെത്രാന്മാരുടെ സംഘത്തിലെ അംഗങ്ങളെന്നനിലയിൽ എല്ലാ മെത്രാന്മാരും ഒരു പ്രത്യേകശ്രുപതയ്ക്കുവേണ്ടി മാത്രമല്ല ലോകം മുഴവനേറെയും രക്ഷയ്ക്കുവേണ്ടിയാണു് അഭിഷിക്തരായിരിക്കുന്നതു്. സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുന്നതിനുള്ള കല്പന പത്രോസിനോടുകൂടിയും പത്രോസിന്റെ നേതൃത്വത്തിലും അവരേയും പ്രഥമമായും നേരിട്ടും സ്പർശിക്കുന്നു. .....താനുമായി ഏകീഭവിച്ചിരിക്കുന്ന സ്വന്തം ശ്രുപതയിൽ പ്രേഷിതപ്രവർത്തനങ്ങളെ മെത്രാൻ തട്ടിയുണർത്തുകയും പ്രോത്സാഹിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ടു് ശ്രുപത മുഴവൻ പ്രേഷിതചൈതന്യത്താൽ പൂരിതമാകുന്നതിനുവേണ്ടി ദൈവജനത്തിന്റെ പ്രേഷിതാശ്രുപിയും തീക്ഷ്ണതയും അനു

ഭവവേദ്യവും ദൃശ്യവുമാക്കിത്തീർക്കുന്നു. .....യുവാക്കളുടേയും വൈദികരുടേയും ഇടയിൽ മിഷൻ സ്ഥാപനങ്ങളിലേക്കുള്ള ദൈവവിളിയെ മെത്രാൻ സന്തോഷത്തോടെ പരിപോഷിപ്പിക്കണം. സഭയുടെ പ്രേഷിതവേലയ്ക്കായി അവരിൽ ചിലരെ ദൈവം തിരഞ്ഞെടുക്കുന്നപക്ഷം അതു കൃതജ്ഞതാപൂർവ്വം സ്വീകരിക്കണം" (Art. 38).

അനന്തരം കൗൺസിൽ വൈദികരുടെ ഇക്കാര്യത്തിലുള്ള കടമ അനുസ്മരിപ്പിക്കുന്നു: "വൈദികർ ക്രിസ്തുവിന്റെ പ്രാതിനിദ്ധ്യം വഹിക്കുന്നവരും പ്രകൃത്യാതന്നെ സഭയുടെ പ്രേഷിതത്വത്തോട് ബന്ധപ്പെട്ടിരിക്കുന്ന മെത്രാൻ പദവിയുടെ ത്രിവിധ ദിവ്യധർമ്മങ്ങളിൽ സഹകാരികളുമാണ്. അതിനാൽ വൈദികർ നന്നായി ഗ്രഹിക്കട്ടെ, പ്രേഷിതസേവനത്തിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടതാണ് തങ്ങളുടെ ജീവിതമെന്നു്. സഭയുടെ പൂർണ്ണതയ്ക്ക് ഉറവിടമെന്നനിലയിൽ ദിവ്യകാരുണ്യത്തെ പ്രധാനമായി കൈകാര്യംചെയ്യുന്ന അവർക്ക് സ്വന്തമായ ശുശ്രൂഷവഴി, അവർ ശിരസ്സായ ക്രിസ്തുവുമായി ബന്ധം പാലിക്കുകയും മറ്റുള്ളവരെ ഈ ബന്ധത്തിലേക്കു നയിക്കുകയും ചെയ്യണം. അതോടൊപ്പം മൗതികശരീരത്തിന്റെ പൂർണ്ണതയിൽനിന്നു് അവർ എത്ര വിദൂരത്താണെന്നും, അതു് അനുദിനം വളർന്നുവരുന്നതിലേക്ക് എന്തുമാത്രം ഇനിയും പ്രവർത്തിക്കേണ്ടതുണ്ടെന്നും ബോദ്ധ്യമാകുന്നു. തന്മൂലം അക്രൈസ്തവരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിനു് ഉപകരിക്കത്തക്കവിധം അവർ തങ്ങളുടെ അജപാലനപ്രവർത്തനം സംവിധാനംചെയ്യണം.

"ഈ അജപാലനപ്രവർത്തനത്തിൽ വൈദികർ എല്ലാ ജാതികളുടെ പക്കലും ക്രൈസ്തവതത്വങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള സഭയുടെ ചുമതലയെപ്പറ്റി ജനങ്ങളെ പ്രസംഗം വഴിയും മതപഠനക്ലാസ്സുകൾ വഴിയും ബോധവാന്മാരാക്കുക; പ്രേഷിതജീവിതത്തിലേക്കുള്ള ദൈവവിളി തങ്ങളുടെ സന്താനങ്ങളിൽ ഊട്ടിവളർത്തേണ്ടതിന്റെ ആവശ്യകതയേയും അതു തങ്ങൾക്കു കൈവരുത്തുന്ന മഹത്വത്തേയും പറ്റി ക്രിസ്തീയ ദമ്പതികളെ പഠിപ്പിക്കുക; വിദ്യാലയങ്ങളിലും കത്തോലിക്കാ സമാജങ്ങളിലും പഠിക്കുന്ന യുവാക്കളുടെ ഇടയിൽനിന്നു ഭാവിയിൽ സുവിശേഷപ്രബോധകർ ഉയർന്നുവരത്തക്കവണ്ണം അവരുടെ ഇടയിൽ പ്രേഷിത

ചൈതന്യം വളത്തുക – എന്നീ മാഗ്ദങ്ങളിലൂടെ ലോകം മുഴുവനും സുവിശേഷം പ്രസംഗിക്കുന്നതിനുള്ള തീക്ഷ്ണത വിശ്വാസികളിൽ തട്ടിഉണത്തുകയും കാത്തുസംരക്ഷിക്കുകയും ചെയ്യണം. പ്രേഷിതരംഗങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ വൈദികർ ജനങ്ങളെ പരിശീലിപ്പിക്കുകയും ക്രിസ്തുവിനെ പ്രതിയും ആത്മരക്ഷക്കു വേണ്ടിയും ഭിക്ഷുക്കളെപ്പോലെ ആയിത്തീർന്ന് ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി വിശ്വാസികളിൽനിന്നും ഭിക്ഷയാചിക്കുന്നതിനു ലജ്ജിക്കാതിരിക്കുകയും ചെയ്യണം" (Art. 39).

ഇനിയും അല്മായക്കുള്ള കടമയെപ്പറ്റി കൗൺസിൽ പ്രസ്താവിക്കുന്നതു നോക്കുക. അല്മായപ്രേഷിതത്വത്തെപ്പറ്റിയുള്ള ഡിക്രിയിൽ ഇങ്ങനെ പറയുന്നു:– "ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും പങ്കുകാരാണ് അല്മായർ. അതുകൊണ്ട് അവർക്ക് സഭയുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും അവരുടേതായ പങ്ക് സജീവമായി നിർവ്വഹിക്കുവാനുണ്ട്. മെത്രാന്മാരുടെ പ്രേഷിതപ്രവർത്തനം പൂർണ്ണമായി ഫലമണിയുവാൻ അല്മായരുടെ പ്രവർത്തനവും കൂടിയേ കഴിയൂ. സുവിശേഷപ്രചാരണകൃത്യത്തിൽ വി. പൗലോസിനെ സ്ത്രീപുരുഷഭേദമന്യെ പലരും സഹായിച്ചിരുന്നു. ഇങ്ങനെ യഥാർത്ഥമായ പ്രേഷിതമനസ്ഥിതിയുള്ള അല്മായർ സ്വസഹോദരങ്ങളുടെ കുറവുകൾ പരിഹരിക്കുവാനും അജപാലകർക്കും അജഗണങ്ങൾക്കും ആത്മികപ്രചോദനം നല്കുവാനും പരിശ്രമിക്കട്ടെ" (Art. 10).

മേലുദ്ധരിച്ച വാക്യങ്ങളിൽനിന്നു പ്രേഷിതപ്രവർത്തനം സംബന്ധിച്ചു മെത്രാന്മാർക്കും വൈദികർക്കും അല്മായർക്കും ഉള്ള കടമയുടെ ഗൗരവവും വ്യാപ്തിയും മനസ്സിലാക്കാമല്ലോ. കേരള കത്തോലിക്കരായ നമുക്ക് ഇൻഡ്യയിലെങ്ങും സുവിശേഷവേല ചെയ്യുവാനുള്ള കർത്തവ്യം വ്യക്തമാണ്. ഈ കർത്തവ്യനിർവഹണത്തിനു സഹായമാകുമാറു സെൻറു തോമസ് മിഷണറി സൊസൈറ്റി എന്ന പേരിൽ ഒരു പ്രേഷിതസംഘം രൂപവൽക്കരിക്കുവാൻ യത്നിച്ചുവരുന്ന വിവരം നിങ്ങളെ അറിയിച്ചിട്ടുള്ളതാണല്ലോ. പ്രസ്തുത സൊസൈറ്റിയുടെ നിയമാവലി പരിശുദ്ധസിംഹാസനത്തിൽനിന്നും അംഗീകരിച്ചുവന്നിട്ടുണ്ടെന്നുള്ള വിവരം നിങ്ങളെ സസന്തോഷം അറിയിക്കുന്നു. അംഗങ്ങളെ ചേർക്കുക,

DHARMARAM COLLEGE LIBRARY. 2388 BANGALORE

കേന്ദ്രഭവനം സ്ഥാപിക്കുക മുതലായ പ്രാരംഭപ്രവർത്തനങ്ങളാണ് ഉടനെ ചെയ്യേണ്ടിയിരിക്കുന്നത്. മഹത്തായ ഈ പ്രസ്ഥാനം വിജയിക്കുന്നതിന് നിങ്ങളുടെ തീക്ഷ്ണതയുള്ള പ്രാർത്ഥനകളും ഉദാരമായ സഹായസഹകരണങ്ങളും നാം അഭ്യർത്ഥിക്കുന്നു. സീറോ–മലബാർ സഭയുടെ ഒന്നാകെയുള്ള പ്രേഷിതസംരംഭമാണിത്. എല്ലാവരിൽനിന്നും പ്രോത്സാഹനവും സഹകരണവും പ്രത്യാശാപൂർവ്വം നാം പ്രതീക്ഷിക്കുകയാണ്. വൈദികവിദ്യാർത്ഥികൾ സൊസൈറ്റിയിൽ ചേരുന്നതിനു സ്നേഹപൂർവ്വം അവരെ ക്ഷണിക്കുന്നു. നമ്മുടെ ഈ പ്രസ്ഥാനം സംബന്ധിച്ചുള്ള പരിശ്രമങ്ങൾ മുന്നോട്ടുനീങ്ങുന്നതനുസരിച്ചു വിവരങ്ങൾ യഥാസമയം നിങ്ങളെ അറിയിച്ചുകൊണ്ടിരിക്കാം.

പുണ്യചരിതനും കേരളീയരായ കത്തോലിക്കാവിദ്യാർത്ഥികളുടെ പ്രിയതാതൻ എന്നറിയപ്പെട്ടിരുന്ന ദേഹവിയോഗമായ ഫാദർ ഒണേരെ എസ്. ജെ. യുടെ നിരന്തരപരിശ്രമഫലമായി വളർന്നുവന്നിട്ടുള്ള സമാദരണീയമായ വിദ്യാർത്ഥിസംഘടനയാണ് കെ. സി. എസ്. എൽ. അതിന്റെ ശാഖകൾ നമ്മുടെ എല്ലാ ഹൈസ്കൂളുകളിലും സ്ഥാപിതമായി കാണുവാൻ ആഗ്രഹിക്കുന്നു. ബഹു. മാനേജർമാരും ഹെഡ് മാസ്റ്റർമാരും അദ്ധ്യാപകന്മാരും പ്രിയവിദ്യാർത്ഥികളും ഇക്കാര്യത്തിൽ ഉത്സാഹിക്കണമെന്നു താൽപര്യപ്പെടുന്നു.

ദിവ്യരക്ഷകന്റെ പിറവിത്തിരുനാൾ അടുത്തുവരുന്നു. സ്വർഗ്ഗീയാനുഗ്രഹങ്ങളും ഹൃദയസമാധാനവും ഉണ്ണീശോ നിങ്ങൾക്കു സമൃദ്ധമായി നല്കുമാറാകട്ടെ.

പിതാവിന്റേയും ✠ പുത്രന്റേയും ✠ പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ✠ നിങ്ങളേവരേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

+ Eschathan Vayalil

മെത്രാസനമന്ദിരം, പാലാ
23—11—1967

സെബാസ്റ്റ്യൻ വയലിൽ
പാലാ ശ്ര. മെത്രാൻ

N. B. ഈ ഇടയലേഖനം അടുത്ത ഞായറാഴ്ച വി. കുർബാനയിലേ ഏവൻഗേലിയോൻ കഴിഞ്ഞു പള്ളിയിൽ വായിച്ചുകൊള്ളണം.

ബ. വികാരിമാരുടെ ശ്രദ്ധയ്ക്ക്

പള്ളികളിലെ ആണ്ടുതിരട്ട്, അംഗീകാരത്തിനായി സമ പ്പിക്കുമ്പോൾ തന്നാണ്ടത്തെ നാൾവഴി, പേരേട്ട് എന്നിവകൂടി ഇവിടെ ഹാജരാക്കിക്കൊള്ളണമെന്നു ബ. വികാരിമാർ കണക്ക ന്മാർക്കു നിദ്ദേശം കൊടുക്കേണ്ടതാണു്.

ആണ്ടുതിരട്ടോടുകൂടി ഓരോ പള്ളിയിലേയും നിത്യക്കുബ്ബാ നകളുടെ കണക്കും ഇവിടെ ഹാജരാക്കേണ്ടതാണു്. ആണ്ടുതിര ട്ടിനുമുൻപു മുന്നാണ്ടത്തെ നിത്യക്കുബ്ബാനകൾ ചൊല്ലിച്ചു തീക്കേ ണ്ടതുമാണു്.

† സെബാസ്റ്റ്യൻ വയലിൽ
പാലാ ശ്ര. മെത്രാൻ

പാലാ അരമന,
20–11–1967

ബ. വൈദികരുടെ സ്ഥലംമാറ്റം, നിയമനം

വടയാറുകഴിയിൽ ബ, യൗസേപ്പച്ചൻ പാദുവാ പള്ളി വികാരി
ചെറുകരക്കുന്നേൽ ബ. മാണിഅച്ചൻ മോനിപ്പള്ളി ,,
കൊട്ടാരത്തിൽ ബ. മൈക്കിൾ അച്ചൻ ഉരുളികുന്നം ,,
വടക്കേക്കര ബ. ഗീവർഗീസച്ചൻ പറത്താനം ,,
പാനൂർ ;ബ. യൗസേപ്പച്ചൻ അട്ടക്കം ,,
കാഞ്ഞിരംകുഴിയിൽ ബ. ജോണച്ചൻ
മുണ്ടാങ്കൽ കു.പള്ളി അസി.വികാരി
തോണക്കര ബ. തോമസ്അച്ചൻ തുടങ്ങനാട്ട് ,,
നെല്ലിക്കാട്ട് ബ. ഗീവർഗീസച്ചൻ
പാലാ സെൻറ് തോമസ് പ്രസ്സ് അസി. മാനേജർ
വടക്കേൽ ബ. ഫ്രാൻസീസച്ചൻ
സീവ്യൂ എസ്റ്റേറ്റ് അസി. മാനേജർ

Circular No. 123

PASTORAL SEMINAR

(26th to 29th December 1967)

Dear Rev. Fathers,

The 4th PASTORAL SEMINAR for the young priests of the Diocese is arranged to be held in the St. Thomas Training College, Palai from 26th to 30th December 1967. Priests ordained in the years 1963-1967 (both inclusive) are expected to take part in the Seminar.

The participants are expected to reach the St. Thomas Training College Hostel before 12 a. m. on Tuesday the 26th December. They will be free to leave on Friday the 29th after noon. All concerned will kindly make such adjustments regarding their parish work, as are usually done while priests leave their stations for annual retreat.

Detailed programme and further directions will be sent to all in due course.

Cordially blessing you all,

Yours sincerely in our Lord,

+ Eschathian Vayalil.

BISHOP OF PALAI

അഡ്മിഷൻ രജിസ്റ്റർ

സൺഡേസ്കൂൾ അഡ്മിഷൻ രജിസ്റ്റർ അച്ചടിച്ചു തയ്യാറാക്കിയിട്ടുണ്ട്. മറ്റു റിക്കാർഡുകളോടൊപ്പം മതബോധനകേന്ദ്രത്തിൽനിന്നു് അഡ്മിഷൻ രജിസ്റ്ററും ലഭിക്കുന്നതാണു്.

ഓരോ സൺഡേസ്കൂളിനും അഡ്മിഷൻ രജിസ്റ്റർ ഉണ്ടായിരിക്കണം. ഇപ്പോൾ സണ്ടേസ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്ന എല്ലാ കുട്ടികളുടേയും പേരും മറ്റുവിവരങ്ങളും അഡ്മിഷൻ രജിസ്റ്ററിൽ ചേർക്കേണ്ടതാണു്. അഡ്മിഷൻ രജിസ്റ്ററിൽ പേരു് ചേർക്കുമ്പോൾ ഏറ്റവും ഉയർന്ന ക്ലാസ്സിലെ കുട്ടികളുടെ പേരുകൾ ആദ്യം ചേർക്കണം. തുടർന്നു് 7, 6, 5, 4, 3, 2, 1 എന്നീ ക്ലാസ്സുകളിലെ കുട്ടികളുടെ പേരുകൾ ക്രമമായി എഴുതണം.

അഡ്മിഷൻ രജിസ്റ്ററിൽ പേരു് ചേർക്കുന്നതിനു മുമ്പു് എല്ലാ കുട്ടികളെക്കൊണ്ടും സണ്ടേസ്കൂൾ പ്രവേശനത്തിനുള്ള അപേക്ഷാഫാറം പൂരിപ്പിച്ചു വാങ്ങിക്കേണ്ടതാണു്. പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ ഫയലിൽ സൂക്ഷിക്കണം.

മതബോധനഡയറക്ടർ

ശ്രുപതാഡയറി

1967 ഒക്ടോബർ 13. വന്ദ്യപിതാവു് ചേറുതോട്ടുപള്ളിയിലെ ഫാത്തിമാ ജൂബിലിയാഘോഷങ്ങളിൽ സംബന്ധിച്ചു; പ്രസംഗിച്ചു.

15. വന്ദ്യപിതാവു് അരുവിത്തുറ ഫൊറോനാപ്പള്ളിയിൽ ഔദ്യോഗിക സന്ദർശനം നടത്തി. അരുവിത്തുറയിലെ വിവിധ ഭക്തസംഘടനകളുടെ വിശേഷാൽ സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചു. അരുവിത്തുറ ആരാധനമഠത്തോടനുബന്ധിച്ചു പണിയുവാൻ ഉദ്ദേശിക്കുന്ന കപ്പേളയുടെ ശിലാസ്ഥാപനം നടത്തി.

17. നെല്ലിയാനി കപ്പേളയിൽവച്ചു് ആരാധനസഭയിലെ അത്മിനികൾക്കു് ശിരോവസ്ത്രം നല്കി.

26. സെൻറു് തോമസ് മിഷണറി സൊസൈറ്റിയുടെ അംഗങ്ങളും അഭ്യുദയകാംക്ഷികളുമായ വൈദികരുടെ ഒരു സമ്മേളനം ബിഷപ്സ് ഹൗസിൽവച്ചു നടത്തപ്പെട്ടു.

29. ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ പ്രമാണിച്ചു് പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൻവച്ചു നടത്തപ്പെട്ട സമ്മേളനത്തിൽ പ്രസംഗിച്ചു.

കോട്ടയം ഡിസ്ട്രിക്ട് അത്ലറ്റിക് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സ്പോർട്സ് മത്സരത്തിൽ വിജയികളായവർക്കു സമ്മാനദാനം നടത്തി.

നവംബർ 1. ഇംഗ്ലണ്ടിലേയും ആസ്ത്രേലിയായിലേയും സെന്റ് വിൻസെന്റ് ഡി പോൾ കോൺഫ്രൻസിന്റെ ഭാരവാഹികൾ വന്ദ്യപിതാവിനെ സന്ദർശിച്ചു.

9. അരുവിത്തുറ ആരാധനമഠത്തിൽ പതിമൂന്നുമണി ആരാധനയുടെ സമാപനകർമ്മങ്ങളിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

12. ളാലം സെൻറു് മേരീസ് ഹൈസ്കൂളിൽവച്ചു നടത്തപ്പെട്ട K. C. S. L.-ന്റെ ശ്രുപതാസമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചു.

14. വന്ദ്യപിതാവു് കണ്ണാടിയുറുമ്പു് ക്ഷീരമഠത്തിൽ പതിമൂന്നുമണി ആരാധനയുടെ സമാപനകർമ്മങ്ങളിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

Printed at the St. Thomas Press, Palai
Published by Fr. Thomas Purayidom

1967—ലെ മിഷൻഞായർ പിരിവു്

	I പള്ളികൾ	Rs.	Ps.
1	ഭരണങ്ങാനം ഫൊ.	3100	00
2	മുട്ടുചിറ ഫൊ.	1537	45
3	കുട്ടിത്തുരുത്തി	703	05
4	രാമപുരം ഫൊ.	550	00
5	മൂലമറ്റം	540	00
6	തുടങ്ങനാട്ടു്	505	00
7	കരുനാട്ടു് കൊവേന്ത	498	00
8	ഉഴവൂർ പഴയപള്ളി	451	00
9	അരുവിത്തുറ ഫൊ.	400	00
10	മേലുകാവു്	392	00
11	തീക്കോയി.	377	00
12	കൊഴുവനാൽ	371	00
13	പയസ്മൗണ്ടു്	350	00
14	പൂവരണി	335	00
15	വെള്ളിയാമറ്റം	333	00
16	അറക്കുളം പഴയപള്ളി	330	00
17	കുറവിലങ്ങാട്ടു് ഫൊ.	321	41
18	കുട്ടിക്കൽ	320	00
19	ചെമ്മലമറ്റം	315	37
20	പ്ലാശനാൽ	301	00
21	കടയത്തൂർ	300	00
22	ഉള്ളനാട്ടു്	300	00
23	കടപ്ലാമറ്റം	300	00
24	നീലൂർ	300	00
25	പ്രവിത്താനം	272	00
26	കരൂർ	265	00
27	വലിയകുമാരമംഗലം	250	00
28	ഇലഞ്ഞി	240	00
29	തിടനാട്ടു്	240	00
30	കത്തീഡ്രൽപള്ളി	236	72
31	താണോലി	234	00
32	ചേർപ്പുങ്കൽ	233	00
33	മനത്തൂർ	232	00
34	മരങ്ങാട്ടുപള്ളി	230	00
35	കാഞ്ഞൂർ	225	00
36	കടക്കച്ചിറ	222	00
37	നീറന്താനം	211	18
38	മലയിഞ്ചിപ്പാറ	211	00
39	പെരിങ്ങളം	210	00
40	പറത്താനം	205	00
41	വടകര	204	00
42	തോടനാൽ	201	90
43	അന്ത്യാളം	200	00
44	അന്തീനാട്ടു്	185	00
45	പൈക	185	00
46	കുടല്ലൂർ	180	00
47	വൈരമണി	179	00
48	മണിയങ്കുന്നു്	176	50
49	മല്ലികശ്ശേരി	175	25
50	പൂഞ്ഞാർ കൊവേന്ത	172	00
51	ഉഴവൂർ പുത്തൻ	170	00
52	നരിയങ്ങാനം	167	00
53	ചേന്നാട്ടു്	165	00
54	അമനകര കൊവേന്ത	163	00
55	മൂഴൂർ	158	37
56	കാഞ്ഞിരത്താനം	157	00
57	ശങ്കരപ്പള്ളി	156	00
58	മീനച്ചിൽ	155	00
59	കുരു്	152	00
60	കുളത്തൂർ	150	00
61	കുരുവിനാൽ	150	00
62	അട്ടക്കം	150	00
63	വാകക്കാട്ടു്	150	00
64	കോതനല്ലൂർ	150	00
65	ഉരുളികുന്നം	146	00
66	മണ്ണാറപ്പാറ	142	00
67	ഉരുമ്പുകാവു്	140	00
68	പൂഞ്ഞാർ	140	00
69	ഗാന്ധൽത്താര	136	00
70	പാലാ കൊവേന്ത	125	68
71	മഞ്ഞാമറ്റം	125	00
72	മുണ്ടങ്കൽ	125	00
73	മോനിപ്പള്ളി	123	50
74	കുറുമണ്ണു്	120	00
75	ഇടമറുകു്	109	18
76	വയല	109	00

		Rs.	Ps.
77	ചേറൂതോട്ട്	104	25
78	മണലുങ്കൽ ചാപ്പൽ	103	54
79	ചക്കാമുഴ	102	00
80	കരിമ്പനേരി ആശ്രമം	101	50
81	കഞ്ഞിരമറ്റം	100	00
82	വിളക്കുമാടം	100	00
83	മണിയങ്കുളം	100	00
84	എലിവാലി	98	00
85	കൈപ്പള്ളി	91	00
86	മണ്ണയ്ക്കനാട്ട്	90	00
87	ഏഴാച്ചേരി	90	00
88	മൺവെട്ടം	87	00
89	പേരയിപ്പുറം	86	00
90	പൈങ്ങുളം	85	00
91	കുന്നോന്നി	82	00
92	മലപ്പുറം	80	00
93	അടിവാരം	80	00
94	അമ്പാറനിരപ്പേൽ	75	00
95	മുത്തോലി	71	33
96	പാട്ടുമ	68	00
97	മറ്റക്കര	66	82
98	കുറിച്ചിത്താനം	66	00
99	കുളത്തുക്കടവ്	65	00
100	നെല്ലിയാനി ചാപ്പൽ	60	00
101	ചെമ്പിളാവ്	55	00
102	വിളയങ്കോട്ട്	55	00
103	നെല്ലിപ്പാറ ചാപ്പൽ	51	00
104	വിമലഗിരി-ചക്കിക്കാവ്	50	50
105	അരുന്ധതിമംഗലം	50	50
106	ക്ലാരിസ്റ്റ് കോൺവെന്റ് ചാപ്പൽ രാമപുരം	50	00
107	ചിറാർ	50	00
108	വേങ്ങത്താനം	46	00
109	കാളികാവ്	43	00
110	കല്ലൂർക്കുളം മഠം ചാപ്പൽ	40	00
111	രത്നഗിരി	35	00
112	കുത്താട്ടുകുളം കൊവേന്ത	34	00
113	പാലയ്ക്കാട്ടുമല	30	00
114	ളൂർട്ടുപുരം ചാപ്പൽ (മൈലാടി)	30	00
115	എടാട്ട് കു. പള്ളി	25	00
116	പെരുന്തുരുത്ത്	15	08

പ്രൊക്കുറേറ്റർ

N. B. സ്കൂളുകളിൽനിന്നും മറ്റു സ്ഥാപനങ്ങളിൽനിന്നുമുള്ള പിരിവു ലിസ്റ്റ് അടുത്ത ലക്കം ന്യൂസിറ്റിനിൽ പ്രസിദ്ധം ചെയ്യുന്നതാണു്.